തന്നെ ശ്രമം നടത്തിവരുകയാണ്. പ്രസ്തുത കമ്പനിയിലെ മാനേജുമെന്റിന്റേയും ബന്ധപ്പെട്ട യൂണിയനുകളുടെയും സംയുക്തയോഗം ലേബർ കമ്മീഷണറുടേയും എന്റെയും സാന്നിദ്ധ്യത്തിൽ നിരവധി തവണ നടത്തി ഒത്തുതീർപ്പ് ഉണ്ടാക്കുവാൻ ശ്രമിക്കുകയുണ്ടായി. എന്നാൽ കരാർ കാഷ്വൽ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുവാൻ നിയമ പ്രകാരം തങ്ങൾക്ക് ബാദ്ധ്യതയില്ലെന്ന നിലപാടാണ് മാനേജുമെന്റ് കൈക്കൊണ്ടുവരുന്നത്. നിരവധി തവണ ചർച്ചചെയ്തിട്ടും ഒരു ഒത്തുതീർപ്പ് ഉണ്ടാക്കാൻ കഴിയാത്ത സാഹചര്യത്തിൽ വ്യവസായ തർക്കനിയമത്തിലെ 12(4) വകുപ്പനുസരിച്ച് ഈ തർക്കം ലേബർ കോടതിക്ക് റഫർ ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

ടെക്നോപാർക്കിലെ കമ്പനികൾ

14 [1296] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ എത്ര വിദേശ കമ്പനികളും എത്ര അന്യ സംസ്ഥാന കമ്പനികളും എത്ര സംസ്ഥാനത്തെ കമ്പനികളും പ്രവർത്തിച്ചു വരുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(ബി) മേൽപ്പറഞ്ഞ കമ്പനികളെല്ലാം മുറിവാടകയിനത്തിലും മറ്റ് നികുതിയിനങ്ങളിലുമായി സംസ്ഥാന സർക്കാരിന് പ്രതിവർഷം എത്ര തുക നൽകുന്നുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ടെക്നോപാർക്കിലെ കമ്പനികളിൽ നിന്നും മുറിവാടകയിനത്തിൽ ഏകദേശം 12 കോടി രൂപ പ്രതിവർഷം ലഭിക്കുന്നുണ്ട്.

ടെക്നോപാർക്കിലെ വ്യവസായ വികസനം

15 [1297] *ശ്രീ. സി. പി. മുഹമ്മദ്:*
പ്രൊഫ. കെ. വി. തോമസ്:
ശ്രീമതി മേഴ്സി രവി:
ശ്രീ. വി. ജെ. പൗലോസ്:
,, *കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്കിൽ ഇപ്പോൾ എത്ര സ്ഥാപനങ്ങളുണ്ട്; ഇവയിൽ ആകെ എത്ര ജീവനക്കാരുണ്ട്;

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ രണ്ടാംഘട്ട വികസനം എന്നേക്ക് പൂർത്തിയാകും;

(സി) വികസനം പൂർത്തിയാകുമ്പോൾ എത്ര പേർക്ക് തൊഴിൽ ലഭിക്കും എന്ത് തുകയുടെ നിക്ഷേപം നടത്താൻ സാധ്യതയുണ്ട്;

(ഡി) രണ്ടാം ഘട്ട വികസനത്തോടെ ഇവിടെ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ എണ്ണം എത്രയായി ഉയരും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ടെക്നോപാർക്കിൽ 78 കമ്പനികൾ പ്രവർത്തിച്ചുവരുന്നു. 8000 പേർ ജോലി ചെയ്യുന്നുണ്ട്.

(ബി) ടെക്നോപാർക്കിന്റെ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി ആറ് ലക്ഷം sq.ft.-ന്റെ പുതിയ കെട്ടിടം ആഗസ്റ്റ് 2007-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ Infosys, US Software, TCS, IBS, Tata Elxsi എന്നീ കമ്പനികൾ കൂടുതൽ സ്ഥലമെടുത്ത് പ്രവർത്തന മേഖല വിപുലീകരിക്കാനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

(സി) വികസനം പൂർത്തിയാകുമ്പോൾ 5000 പേർക്ക് ടെക്നോപാർക്കിലും ഏകദേശം 16,000 പേർക്ക് മേൽപ്പറഞ്ഞ കമ്പനികളിലും തൊഴിൽ ലഭിക്കുമെന്ന് കരുതുന്നു. ഇതിനായി സ്ഥലമെടുപ്പിനും, കെട്ടിട നിർമ്മാണത്തിനുമായി 100 കോടി രൂപ ടെക്നോപാർക്കും 780 കോടി രൂപ മേൽപറഞ്ഞ കമ്പനികളും നിക്ഷേപം നടത്താൻ സാധ്യതയുണ്ട്.

(ഡി) യൂണിറ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്സ്റ്റയിൽ ടെക്നോളജി വികസനം

16 [1317] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, *ലൂഡി ലൂയിസ് :*
,, *എം. എം. ഹസ്സൻ:*
,, *സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ നിലവിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്സ്റ്റയിൽ ടെക്നോളജി വികസിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ?

(ബി) എങ്കിൽ അതിന് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചുവോ; ഈ ഇൻസ്റ്റിറ്റ്യൂട്ട് എന്നത്തേക്ക് വികസിപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly